**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** **09-12-2022 - ൽ മറുപടിയ്ക്ക്**

**മൊകേരി കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ; | (എ) | ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ച്കൊണ്ടിരിക്കുകയാണ്. സ്ട്രക്ച്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റീരിയൽ പ്ലാസ്റ്ററിങ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്, എക്സ്റ്റേണൽ പ്ലാസ്റ്ററിങ് വർക്കുകൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. 60% പ്ലംബിംഗ് വർക്കുകളും 70% ഇലക്ട്രിക്കൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ജനുവരി 2023 ൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവഹണ ഏജൻസി ആയ KITCO അറിയിച്ചിട്ടുള്ളത്.<br><br>ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ ഭാഗമായി പൈലിങ് വർക്കുകൾ ആരംഭിച്ചു. ആകെ വേണ്ടിയിരുന്ന 60 പൈലുകളിൽ 14 പൈലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രവർത്തി നിർത്തി വെക്കുന്നതിനായി കിഫ്ബി സ്റ്റോപ്പ് മെമോ നൽകുകയും പ്രവർത്തി നിർത്തി വെക്കുകയും ചെയ്തു. തുടർന്ന് കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പദ്ധതി പ്രദേശത്ത് മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിലെ ഇന്റേണൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ? | (ബി) | റോഡ് നിർമ്മാണ പ്രവർത്തിയുടെ സാങ്കേതിക അനുമതിക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് എന്ന് പൊതു മരാമത്ത് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്. പൊതുമരാമത്തു വകുപ്പ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ